**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5189** **21-07-2022 - ൽ മറുപടിയ്ക്ക്**

**ഇരിമ്പിളിയം കൃഷിഭവൻ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം കൃഷിഭവൻ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | നിലവിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കൃഷി ഭവന്റെ നിർമ്മാണ പ്രവൃത്തികൾക്ക് ഫണ്ട് നീക്കിവെച്ചിട്ടില്ല. കൃഷി ഭവനുകൾ അതത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറി നൽകിയിട്ടുള്ളതിനാൽ കൃഷി ഭവനുകളുടെ കെട്ടിടം പുതുക്കി നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ലഭ്യമാക്കേണ്ടത്. |
| (ബി) | ശോചനീയാവസ്ഥയിലുള്ള, നാല്പത് വർഷത്തിലേറെ പഴക്കമുള്ള പ്രസ്തുത കൃഷിഭവൻ സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ ഭാഗമായ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | 2021-22 വർഷത്തിൽ ആർ.ഐ.ഡി.എഫ് പദ്ധതിയുടെ ഭാഗമായി സ്മാർട്ട് കൃഷി ഭവൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ശിപാർശ ചെയ്തിട്ടുള്ള 28 കൃഷി ഭവനുകളിൽ ഇരിമ്പിളിയം കൃഷി ഭവനും ഉൾപ്പെടുന്നുണ്ട്. എന്നാൽ അന്തിമ ലിസ്റ്റായിട്ടില്ല. |

സെക്ഷൻ ഓഫീസർ